STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.599/PR/SPMC/PHQ/2020 Date :09.11.2020

## ട്രാൻസ് ജെൻഡർ വിഭാഗത്തിൽ പെട്ടവരുടെ പരാതി പരിഹരിക്കാൻ വിമുഖത പാടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി

ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ പരാതി പരിഹരിക്കുന്നതിൽ വിമുഖതയുണ്ടാകാൻ പാടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകി. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ട്രാൻസ് ജെൻഡർ വിഭാഗക്കാരോട് മോശമായ പെരുമാറ്റമോ വീഴ്ചയോ ഉണ്ടായാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.

ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർ നീതിനിഷേധം സംബന്ധിച്ചോ അതിക്രമവുമായി ബന്ധപ്പെട്ടോ പരാതി നൽകിയാൽ അത് പരിശോധിച്ച് ഉടൻതന്നെ നിയമനടപടി സ്വീകരിക്കണം. ഒരുകാരണവശാലും അവരോട് മോശമായി പെരുമാറാൻ പാടില്ല. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്ന നിലയിൽ ഇവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിന് അവരെ പ്രാപ്തരാക്കുന്നതും സർക്കാരിന്റെ ലക്ഷ്യമാണ്. അതിനാൽ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്.

***********************************